കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പോത്തുകല്ല് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.6/2979/2018.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി22-01-2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

പോത്തുകല്ല് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോത്തുകല്ല് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in /esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1).ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2).പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3). പഞ്ചായത്ത് അസി. ഡയറക്ടർ, മലപ്പുറം

4).കാര്യാലയ പകർപ്പ്.

എം.എ.2/19

നം. കെ.എസ്.എ.എം.പി.എം.6/2979/2018. തിയ്യതി:22-01-2019

മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.09.2017 മുതൽ 07.12.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ :ശ്രീ.ഷാജഹാൻ.എ.എസ് , ഡപ്യൂട്ടി ഡയറക്ടർ

-------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 10.12.2018 മുതൽ 21.12.2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. പി.സാബു | ഓഡിറ്റ് ഓഫീസർ |
| ശ്രീ. കെ.ജി.വേലായുധൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.റഷീദ്.വി | ഓഡിറ്റർ |
| ശ്രീമതി.സുജാത.എം. | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ.

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.പി.കരുണാകരൻപിള്ള | 01.04.2017 മുതൽ 20.01.2018 വരെ |

| | |
|---|---|
| ശ്രീമതി.ഉമൈമത്ത് | 21.01.2018 മുതൽ 14.02.2018 വരെ |
| ശ്രീ.സുഭാഷ്.സി. | 15.02.2018 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.ജോഫ്രി ആൻസലാം ഡി.എസ്. | 01.04.2017 മുതൽ 31.07.2017 വരെ |
| ശ്രീമതി.വിജയലക്ഷ്മി.പി.എസ്. | 01.08.2017 മുതൽ 06.08.2017 വരെ |
| ശ്രീ.കൃഷ്ണകുമാർ എൻ. | 07.08.2017 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.ജോഫ്രിആൻസലാം.ഡി.എസ്സ്. | 01.04.2017 മുതൽ 31.07.2017 വരെ |
| | ശ്രീമതി.വിജയലക്ഷ്മി.പി.എസ്സ്. | 01.08.2017 മുതൽ 06.08.2017 വരെ |
| | ശ്രീ.കൃഷ്ണകുമാർ എൻ. | 07.08.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മുരളീധരൻ.പി.കെ | 01.04.2017 മുതൽ 16.06.2017 വരെ |
| | ഒഴിവ് | 17.06.2017 മുതൽ 28.06.2017 വരെ<br>2.08.2017 മുതൽ 06.08.2017 വരെ<br>01.10.2017 മുതൽ 30.11.2017 വരെ |
| | ശ്രീമതി.എൻ.പ്രിയദർശിനി. | 29.06.2017 മുതൽ 01.08.2017 വരെ |
| | ശ്രീമതി.പ്രസന്നകുമാരി.ടി.എസ് | 07.08.2017മുതൽ 30.09.2017 വരെ. |
| | ശ്രീ.ടോമി ജോസഫ് | 01.12.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ധന്യ.പി<br>(അസ്സി.എൻജിനീയർ, താൽക്കാലികം) | 01.04.2017 മുതൽ 18.06.2017 വരെ |
| | ശ്രീമതി.രാജി.സി.ആർ. | 19.06.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബിനീഷ് | 01.04.2017 മുതൽ 30.06.2017 വരെ |
| | ഡോ.മനോജ് | 01.07.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ.മോനിഷ്.കെ. | 01.04.2017 മുതൽ 30.08.2017 വരെ |
| | ഡോ.ആസ്യ സുഹാന | 31.08.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ, ജി.എൽ,പി.എസ്സ്, | ശ്രീ.ജോർജ്ജ് ജോൺ | 01.04.2017 മുതൽ 04.06.2017 വരെ |

| | | |
|---|---|---|
| പൂളപ്പാടം | ശ്രീ.സദാനന്ദൻ.വി. | 05.06.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.പ്രിയാ വിജയൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സുലേഖ.കെ | 01.04.2017 മുതൽ 03.07.2017 വരെ |
| | ശ്രീമതി. സതീദേവി.എൻ. | 04.07.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.ബെന്നി സെബാസ്റ്റ്യൻ | 01.04.2017 മുതൽ 28.07.2017 വരെ |
| | ശ്രീ.ഉമ്മർകോയ | 29.07.2017 മുതൽ 09.08.2017 വരെ |
| | ശ്രീമതി.രജനി.എം.കെ | 10.08.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ.അബ്ദുൾ റഷീദ്.എ.കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജോമോൻ ജോസഫ് ഡാനിയേൽ | 01.04.2017 മുതൽ 17.04.2017 വരെ |
| | ഡോ.കവിത.വി.എൻ. | 18.04.2017 മുതൽ 23.09.2017 വരെ |
| | ഡോ.ശ്രുതി. | 24.09.2017 മുതൽ 05.03.2018 വരെ. |
| | ഡോ.അമ്പിളി പ്രഭാകർ. | 06.03.2018 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |

| | | | |
|---|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | രശീതി പരിശോധന - അപാകതകൾ. | 2-1 | |
| 14 | തൊഴിൽ നികുതി വിവിധ അപാകതകൾ | 2-2 | |
| 15 | കെട്ടിടത്തിന്റെ ഒക്യുപ്പൻസി മാറ്റി - വസ്തുനികുതി പുനർനിർണ്ണയിച്ചില്ല. | 2-3 | |
| 16 | വസ്തുനികുതി നിർണ്ണയം - വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കിയില്ല. | 2-4 | |
| 17 | ഉപയോഗക്രമത്തിനനുസൃതമായ വസ്തുനികുതി ചുമത്തിയില്ല. | 2-5 | |
| 18 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത | 2-6 | |
| 19 | ടെണ്ടർ ഫോറം വില ലഭ്യമായില്ല. | 2-7 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 20 | തനതു ഫണ്ട് പരിശോധന - രേഖകൾ ലഭ്യമല്ല. | 3-1 | |
| 21 | സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. | 3-2 | |
| 22 | PMAY അധിക വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-300000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-3 | |
| 23 | യോഗ തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ. കാലതാമസം. | 3-4 | |
| 24 | ശമ്പള പരിഷ്കരണ കുടിശ്ശിക പണമായി അനുവദിച്ചത് തിരികെ ഈടാക്കി പ്രൊവിഡന്റ് ഫണ്ട് അക്കൌണ്ടിൽ അടവാക്കിയില്ല. | 3-5 | |
| 25 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) നടപ്പിലാക്കിയ പരിരക്ഷ രോഗികളുടെ പരിചരണം (15/18) പദ്ധതിയിലെ അപാകതകൾ. | 3-6 | |
| 26 | വില നൽകി മാസങ്ങൾക്ക് ശേഷവും മരുന്ന് ലഭ്യമാക്കിയില്ല. | 3-7 | |
| 27 | ആശ്രയ പദ്ധതി - ലക്ഷങ്ങൾ ചെലവഴിക്കപ്പെടാതെ അക്കൌണ്ടിൽ അവശേഷിക്കുന്നു. | 3-8 | |
| 28 | വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ - അർഹത ഉറപ്പ് വരുത്തിയില്ല. | 3-9 | |
| 29 | അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം-ഗുണമേൻമ ഉറപ്പ് വരുത്തിയില്ല. | 3-10 | |
| 30 | കിണർ റീ - ചാർജിംഗ് പദ്ധതി - അർഹത ഉറപ്പ് വരുത്താതെ ആനുകൂല്യം അനുവദിച്ചു. | 3-11 | |

| | | | |
|---|---|---|---|
| 31 | ഭവനനിധി അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല. | 3-12 | |
| 32 | ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല. | 3-13 | |
| 33 | പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതകൾ | 3-14 | |
| 34 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% VATകുറവ് ചെയ്തില്ല. | 3-15 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 35 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 36 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 38 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 39 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 40 | ഓഡിറ്റ് റിക്കവറി | 4-6 | |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 42 | ചാർജ്,സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 45 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം–1 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്.

2017-18 ലെ പുതുക്കിയ ബജറ്റ് 28.02.2018 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട | ലഭിച്ച | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|

| തീയതി | തീയതി | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 14.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11.06.2018 & 12.06.2018 | കെ.എസ്.എ-എം.പി.എം.6/1688/18 തി.03.07.2018 |

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 19042368.75 |
| വരവ് | 67604938.00 |
| ആകെ | 86647306.75 |
| ചെലവ് | 72938491.00 |
| നീക്കിയിരുപ്പ് | 13708815.75 |

## 1-5 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24561000 | 24561000 | 21128362 | 3432638 | 86.02% |
| വികസനഫണ്ട് എസ്.സി.പി. | 0 | 2085726 | 2085726 | 590190 | 1495536 | 28.29% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 4869021 | 4869021 | 2397712 | 2471309 | 49.24% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5427000 | 5427000 | 5287659 | 139341 | 97.43% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5288000 | 5288000 | 5231057 | 56943 | 98.92% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10459790 | 10459790 | 10389826 | 69964 | 99.33% |
| പെർഫോമൻസ് ഗ്രാന്റ് (കേന്ദ്ര വിഹിതം) | 0 | 821214 | 821214 | 821214 | 0 | 100% |
| പെർഫോമൻസ് ഗ്രാന്റ് (സംസ്ഥാന വിഹിതം) | 0 | 463021 | 463021 | 404687 | 58334 | 87.40% |
| സാക്ഷരത | 19507 | 630 | 20137 | 18291 | 1846 | 90.83% |

| | | | | | | | |
|---|---|---|---|---|---|---|---|
| എൻ. ആർ. ഇ. ജി.എസ്. (തൊഴിലാളികളുടെ കൂലി) | | 0 | 35015287 | 35015287 | 35015287 | 0 | 100% |
| എൻ. ആർ. ഇ. ജി.എസ്. (അഡ്മിനിസ്ട്രേറ്റീവ് ചെലവ്) | | 2731 | 1223879 | 1226610 | 1221411 | 5199 | 99.58% |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഇനം തിരിച്ച് ഇനംതിരിച്ച് | ടി എസ്സ് സി | 4752629 | 1178791 | 5931420 | 64377 | 5867043 | 1.08% |
| | എസ്സ് എസ്സ് എ | 210910 | 10011 | 220921 | 0 | 220921 | 0% |
| ജോയന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 51000 | 51000 | 51000 | 0 | 100% |
| ബി. ഫണ്ട് | | 0 | 47109140 | 47109140 | 47109140 | 0 | 100% |
| തനതു ഫണ്ട് (കേരള ഗ്രാമീൺ ബാങ്ക്) | | 0 | 1591029 | 1591029 | 227600 | 1363429 | 14.30% |
| തനതു ഫണ്ട് ട്രഷറി അക്കൗണ്ട് | | 10005125 | 10969885 | 20975010 | 20551997 | 423013 | 97.98% |
| തനത് ഫണ്ട് ബാങ്ക് (പോത്തുകല്ല് സർവ്വീസ് സഹകരണ ബാങ്ക്) | | 1976039 | 6670042 | 8646081 | 5012641 | 3633440 | 57.98% |
| മറ്റിനം<br>ജലനിധി | | 2068165 | 83742 | 2151907 | 0 | 2151907 | 0% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 180 | 76554375 | 112 | 48311068 | 31 | 37 | 62.22% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2731 | 1223879 | 1226610 | 1221411 | 5199 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 35015287 | 35015287 | 35015287 | 0 |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 147840 | 253 |
| കർഷകതൊഴിലാളി പെൻഷൻ | 5046300 | 466 |
| വിധവാപെൻഷൻ | 16141800 | 1344 |
| വാർദ്ധക്യകാലപെൻഷൻ | 21091100 | 1669 |
| വികലാംഗപെൻഷൻ | 4316100 | 361 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 186000 | 15 |
| വിവാഹ ധനസഹായം | 180000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.12.2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7720/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര ഭരണ നിയന്ത്രണം

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. വാർഷിക ഇൻക്രിമെന്റ് രജിസ്റ്റർ, സേവന പുസ്തക രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

സ്ഥാപനത്തിന്റെ നികുതി,നികുതിയേതര വരുമാനങ്ങളിൽ വസ്തു നികുതി, തൊഴില് നികുതി, ഈടാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടില്ല.തന്മൂലം ഈയിനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്.

ഗ്രാമപഞ്ചായത്തിലെ പി എച്ച് സി യിലേയ്ക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് പണം നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിലും അപാകതയുണ്ട്. ഗ്യാരണ്ടിയുള്ള ഉപകരണങ്ങളുടെ ഗ്യാരണ്ടി സംബന്ധിച്ച വിവരങ്ങൾ, ബിൽ സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഡിപ്പോസിറ്റ് രജിസ്റ്ററിൽ തുക തിരികെ നൽകുമ്പോൾ ആയത് രജിസ്റ്ററിൽ റൌണ്ട് ചെയ്ത് രേഖപ്പെടുത്തുന്നില്ല. ഓരോ വർഷാന്ത്യത്തിലും തിരികെ നൽകാൻ അവശേഷിക്കുന്ന തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങളും രേഖപ്പെടുത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.11.2018 | 01.10.2018 മുതൽ 31.10.2018 വരെ | 23.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.08.2010 മുതൽ 30.08.2010 വരെ. | 2005-06 മുതൽ 2009-10 വരെ | 04.10.2010 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ.

1).വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2).ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3). പിരിഞ്ഞ് കിട്ടാനുള്ളവയിൽ, സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4).ഗ്രാമപഞ്ചായത്ത് നൽകിയതും കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്തതുമായ ചെക്കുകൾ Liability in respect of Stale Cheque എന്ന ശീർഷകത്തിൽ രശീത് ചെയ്യുകയോ, 3 വർഷം കഴിഞ്ഞവ വരവായി രശീത് ചെയ്യുകയോ ചെയ്തിട്ടില്ല. (അക്കൌണ്ട് നമ്പർ. 11045, സർവ്വീസ് സഹകരണബാങ്ക്, പോത്തുകല്ല് & അക്കൌണ്ട് നമ്പർ. 80818, കേരള ഗ്രാമീണ ബാങ്ക്, ഞെട്ടിക്കുളം)

5).ബാലൻസ് ഷീറ്റ് (B-4 Schedule) പ്രകാരം Beneficiary Contribution ഇനത്തിൽ 263105/- രൂപ നീക്കിബാക്കിയുണ്ട്. വിനിയോഗിച്ച തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

6).ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ താഴെ പറയുന്ന ശീർഷകങ്ങളിൽ തുക നീക്കിയിരിപ്പുണ്ട്.

| Code No | Particulars | Amount |
|---|---|---|
| 320700104 | Contributions for Joint Venture Projects (for Capital Expenditure) – from Block Panchayats | 17419 |
| 320700204 | Contributions for Joint Venture Projects (for Revenue Expenditure) – from Block Panchayats | 50000 |
| 320700405 | Contributions for Other Specific Purposes (for Revenue Expenditure) – from District Panchayats | 11250 |

ഈ തുകകൾ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയാണോ എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവഴിച്ച തുകയാണെങ്കിൽ ആയത് വാർഷിക കണക്കിൽ ബാധ്യതയായി ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല.

7). ബാലൻസ് ഷീറ്റിൽ (B-4 Schedule) ഉൾപ്പെട്ട ചെലവഴിക്കാൻ അവശേഷിക്കുന്ന താഴെ പറയുന്ന പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ അതിനുവേണ്ടി തുടങ്ങിയ അക്കൗണ്ടുകളിലെ നീക്കിയിരിപ്പുമായി (B-17 & RP-40(b) Schedules) പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഗ്രാന്റിന്റെ പേര് | B-4 Schedule | B-17 Schedule | വ്യത്യാസം |
|---|---|---|---|
| 320100115 – TSC | 45,39,563 | 58,67,043 | 5,08,520 |
| 320300103 - Total Sanitation | 18,36,000 | | |

ടോട്ടൽ സാനിറ്റേഷൻ ഗ്രാന്റ് ഇനത്തിൽ B-4 Schedule ൽ 320100115, 320300103 എന്നീ കോഡുകളിലായി രണ്ട് തുകകൾ (45,39,563 + 18,36,000 = 63,75,563) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിനായുള്ള ബാങ്ക് അക്കൗണ്ടിൽ 31.03.2017 ന് 58,67,043/- രൂപ മാത്രമാണ് അവശേഷിക്കുന്നത്.

8). ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ Advance to implimenting Officers എന്ന ഹെഡ്ഡിൽ 11,37,100/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

9). ഹെഡ് മാസ്റ്റർ, വി.ഇ.ഒ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ TR 7A ക്യാഷ് ബുക്ക് ഉപയോഗിക്കുന്നില്ല. മെഡിക്കൽ ഓഫീസർ (ആയുർവ്വേദം), വി.ഇ.ഒ ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ സബ്സിഡയറി രജിസ്റ്റർ (അനുബന്ധം ബി-IV) എഴുതി സൂക്ഷിക്കുന്നില്ല.

10).ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ൽ താഴെ പറയുന്ന ശീർഷകങ്ങളിൽ അഡ്വാൻസ് തുക നീക്കിയിരിപ്പുണ്ടെങ്കിലും ആയത് പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല / അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

| Code No | Particulars | Amount |
|---|---|---|
| 460100103 | Temporary Advance for Official Purposes | 20200 |
| 460100199 | Other Advances | 129846 |
| 460509901 | Advance to Implimenting Officers | 1137100 |

11). കേരള ഗ്രാമീണ ബാങ്ക് നെട്ടിക്കുളം ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള ടി.എസ്.പി ഫണ്ടിനുള്ള അക്കൗണ്ടിൽ

(അക്കൗണ്ട് നമ്പർ. 9715) ചെലവഴിക്കാൻ അവശേഷിക്കുന്ന വിവിധ ഗ്രാന്റ് തുകകൾ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ ഫണ്ടുകളുടെ നീക്കിയിരിപ്പ് വിവരങ്ങൾ പരിശോധിക്കാനാവശ്യമായ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

12). കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011 ലെ ചട്ടം 65 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് കുറിപ്പുകൾ എന്നിവ വാർഷിക കണക്കുകൾക്കൊപ്പം ചേർത്തിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി പരിശോധന - അപാകതകൾ.

### 1. ഡബിൾസൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

കൃഷി ഓഫീസർ 2017 -18 വർഷത്തിൽ ഉപയോഗിച്ച 11661 നമ്പർ ബുക്കിലെ രശീതികളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

### 2. കളക്ഷൻ തുക യഥാസമയം അടവാക്കിയില്ല.

ഔട്ട് ഡോർ കളക്ഷൻ തുക അതാതുദിവസം തന്നെ ഫ്രണ്ട് ഓഫീസിൽ അടവാക്കേണ്ടതാണ്. എന്നാൽ വരവ് തുക യഥാസമയം അടവാക്കിയിട്ടില്ല. ചില സന്ദർഭങ്ങളിൽ ദിവസങ്ങളോളം തുക കൈവശം സൂക്ഷിച്ചതായും കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചേർക്കുന്നു.

| രശീതി നമ്പർ | കളക്ഷൻ തിയതി | തുക | അടവാക്കിയ തിയതി |
|---|---|---|---|
| 11661/1 മുതൽ 12 വരെ | 20.10.2017 | 1200/- | 25.10.2017 (117010102435 -4900/- രൂപ) |
| 11661/13മുതൽ 26 വരെ | 21.10.2017 | 1400/- | |
| 11661/27മുതൽ 43 വരെ | 23.10.2017 | 1,700/- | |
| 11661/44മുതൽ 49 വരെ | 24.10.2017 | 600/- | |
| 11661/67 | 17.02.2018 | 100/- | 20.02.2018 (117010106502 – 100/- രൂപ) |
| 16663/1 | 03.10.2018 | 100/- | 16.10.2018 (118010102363 -1800/- രൂപ) |
| 16663/ 2മുതൽ 4 വരെ | 04.10.2018 | 300/- | |
| 16663/ 5മുതൽ 7 വരെ | 06.10.2018 | 300/- | |
| 16663/ 8മുതൽ 12 വരെ | 09.10.2018 | 500/- | |
| 16663/ 13മുതൽ 14 വരെ | 11.10.2018 | 200/- | |
| 16663/ 15മുതൽ 18 വരെ | 16.10.2018 | 400/- | |
| 16663/ 19 | 20.10.2018 | 100/- | 02.11.2018 (118010102576 -3600/- രൂപ) |
| 16663/ 20 | 25.10.2018 | 100/- | |
| 16663/ 21മുതൽ 30 വരെ | 30.10.2018 | 1000/- | |
| 16663/ 31മുതൽ 34 വരെ | 30.10.2018 | 400/- | |
| 16663/ 35മുതൽ 53 വരെ | 01.11.2018 | 1900/- | |
| 16663/ 54 | 02.11.2018 | 100/- | |
| 16663/ 55 മുതൽ 60 വരെ | 03.11.2018 | 600/- | 15.11.2018 (118010102733 -600/- രൂപ) |

വരവ് തുക ദിവസങ്ങളോളം കൈവശം സൂക്ഷിച്ചതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 13 / 19.12.2018 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മേലിൽ വരവ് തുക അതാത് ദിവസം തന്നെ അടവാക്കാൻ ശ്രമിക്കുന്നതാണെന്ന് മറുപടി നൽകി. രശീതി പുസ്തകങ്ങളുടെ ഉപയോഗത്തിൽ സൂക്ഷ്മത പുലർത്തേണ്ടതും വരവ് തുക യഥാസമയം അടവാക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി വിവിധ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2017-18 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി ഇനത്തിലുള്ള വരവ് പരിശോധിച്ചതിൽ കണ്ടെത്തിയ താഴെ പറയുന്ന അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.

1). തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

താഴെപ്പറയുന്ന ജീവനക്കാരനിൽ നിന്ന് 2017-18ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു.

| ക്രമ നമ്പർ | ജീവനക്കാരൻ | സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | ബിന്ദു.എൻ, പി.ടി.എസ് | വില്ലേജ് ഓഫീസ് , പോത്തുകല്ല് | 30,350/- | 300 | 180 | 120 |
| 2 | വിശ്വനാഥൻ.പി, സെക്രട്ടറി | അഗ്രികൾച്ചർ ഇംപ്രൂവ്മെന്റ് കോപ്പറേറ്റീവ് സൊസൈറ്റി നെട്ടിക്കുളം | 77,000/- | 750 | 600 | 150 |
| 3 | ശിവദാസൻ.പി, പെർമനന്റ് ലേബർ | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി | 1,25,238/- | 1,250 | 1000 | 250 |
| 4 | സുനിൽകുമാർ.കെ.കെ, പെർമനന്റ് ലേബർ | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി | 1,26,601/- | 1,250 | 1000 | 250 |
| 5 | ഇസ്മയിൽ .സി, പെർമനന്റ് ലേബർ | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി | 1,26,601/- | 1,250 | 1000 | 250 |
| 6 | ഉദേശ്.കെ.കെ, പെർമനന്റ് ലേബർ | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി | 1,26,601/- | 1,250 | 1000 | 250 |
| 7 | ശോഭന.വി.വി, പെർമനന്റ് ലേബർ | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി | 1,28,834/- | 1,250 | 1000 | 250 |
| 8 | ഉണ്ണീമ.കെ.പി, പെർമനന്റ് ലേബർ | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി | 1,28,834/- | 1,250 | 1000 | 250 |
| 9 | ശാന്ത.കെ.വി, പെർമനന്റ് ലേബർ | സീഡ് ഗാർഡൻ കോംപ്ലക്സ്, | 1,28,834/- | 1,250 | 1000 | 250 |

| ക്രമ നമ്പർ | ജീവനക്കാരൻ | സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| | | മുണ്ടേരി | | | | |
| 10 | അംബിക.ടി, പെർമനന്റ് ലേബർ | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി | 1,28,834/- | 1,250 | 1000 | 250 |
| 11 | സരോജിനി.വി.വി, പെർമനന്റ് ലേബർ | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി | 1,28,834/- | 1,250 | 1000 | 250 |
| 12 | സുജാത.എം.പി, പെർമനന്റ് ലേബർ | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി | 1,28,834/- | 1,250 | 1000 | 250 |
| 13 | കമലാക്ഷി.സി, പെർമനന്റ് ലേബർ | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി | 1,28,834/- | 1,250 | 1000 | 250 |
| 14 | ദേവകി.ഒ.കെ, പെർമനന്റ് ലേബർ | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി | 1,28,834/- | 1,250 | 1000 | 250 |
| 15 | തങ്കമണി.എ, പെർമനന്റ് ലേബർ | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി | 1,27,400/- | 1,250 | 1000 | 250 |
| 16 | കമല.കെ.കെ, പെർമനന്റ് ലേബർ | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി | 1,28,834/- | 1,250 | 1000 | 250 |
| 17 | സൗമിനി.കെ, പെർമനന്റ് ലേബർ | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി | 1,28,834/- | 1,250 | 1000 | 250 |
| 18 | സുനിത.ടി.പി, പെർമനന്റ് ലേബർ | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി | 1,28,834/- | 1,250 | 1000 | 250 |

| ക്രമ നമ്പർ | ജീവനക്കാരൻ | സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 19 | നാരായണി.ടി, പെർമനന്റ് ലേബർ | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി | 1,26,601/- | 1,250 | 1000 | 250 |
| ആകെ | | | | | | 4,520/- |

2). ഒരേ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നുതന്നെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതിനാൽ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ പരിശോധിച്ച് മതിയായ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ശ്രദ്ധിക്കുന്നില്ലെന്ന് വ്യക്തമാകുന്നു.

3). സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരിയിൽ പെർമനന്റ് ലേബർ തസ്തികയിൽ നൂറിലധികം പേർ 2017-18 വർഷത്തിൽ ജോലി ചെയ്തിട്ടുണ്ടെങ്കിലും 68 പേർമാത്രമെ തൊഴിൽ നികുതി അടവാക്കിയിട്ടുള്ളൂ. സ്ഥാപനത്തിൽ 2017-18 വർഷത്തിൽ ജോലി ചെയ്ത മുഴുവൻ ജീവനക്കാരുടേയും ലിസ്റ്റ് / റിട്ടേൺ ഹാജരാക്കേണ്ടതും തൊഴിൽ നികുതി അടവാക്കാത്തവരുണ്ടെങ്കിൽ അവരിൽ നിന്ന് നികുതി ഈടാക്കേണ്ടതുമാണ് . അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 7 / 17.12.2018)

## 2-3 കെട്ടിടത്തിന്റെ ഒക്യൂപ്പൻസി മാറ്റി - വസ്തുനികുതി പുനർനിർണ്ണയിച്ചില്ല.

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരുമാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്തപക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ ഉപയോഗം/ ഉപയോഗ സ്വഭാവം മാറുന്നതിനനുസരിച്ച് ഒക്യുപ്പൻസി മാറ്റുന്നതിനും വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

1.കൈരളി ന്യൂട്രിമിക്സ് എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നത് പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ XI/ 194 നമ്പർ കെട്ടിടത്തിലാണ്. ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ കെട്ടിടത്തിന് പാർപ്പിടാവശ്യം എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 4 രൂപ എന്ന നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് . വ്യാവസായിക ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീറ്ററിന് 40 രൂപയാണ്. പാർപ്പിടാവശ്യത്തിനായുള്ള ഈ കെട്ടിടത്തിൽ വ്യവസായം തുടങ്ങുന്നതിന് മുമ്പ് ഒക്യുപ്പൻസി മാറ്റുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇക്കാര്യങ്ങളൊന്നും ശ്രദ്ധിക്കാതെയാണ് ഈ സ്ഥാപനത്തിന് വർഷങ്ങളായി ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വ്യാവസായികാവശ്യത്തിന്

ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് 4,338/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഉപയോഗം | ഇതര വ്യവസായം |
|---|---|
| തറവിസ്തീർണ്ണം | 95ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40/ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 95 X 40) | 3,800രൂപ |
| (-) ഇളവ് - 10 % (മേൽക്കൂര ) | 380രൂപ |
| (+) വർദ്ധനവ് - 20 % (റോഡ്) | 760 രൂപ |
| ഈടാക്കേണ്ട വസ്തുനികുതി | 4,180രൂപ |
| ഈടാക്കിയ വസ്തുനികുതി | 48രൂപ. |
| ഈടാക്കിയതിൽ കുറവ് | 4,132രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (4180 * 5%) | 209 രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 3 രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 206 രൂപ. |
| ആകെ നഷ്ടം (4132+206 ) | 4,338 രൂപ. |

2. പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ XI/ 204 നമ്പർ കെട്ടിടത്തിൽ പാലാഴി ന്യൂട്രിമിക്സ് എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ കെട്ടിടത്തിന് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നു. വ്യാവസായിക ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീറ്ററിന് 40 രൂപയാണ്. ഈ കെട്ടിടത്തിൽ വ്യവസായം തുടങ്ങുന്നതിന് മുമ്പ് ഒക്യുപ്പൻസി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാതെ തന്നെ ഈ സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. വ്യവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് ച.മീറ്ററിന് 40 രൂപ നിരക്കിൽ നികുതി ചുമത്താത്തതിനാൽ ഗ്രാമപഞ്ചായത്തിന് 1,747/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഉപയോഗം | ഇതര വ്യവസായം |
|---|---|
| തറവിസ്തീർണ്ണം | 36ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40/ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 36 X 40) | 1,440രൂപ |
| (-) ഇളവ് - 10 % (മേൽക്കൂര ) | ഇല്ല |
| (+) വർദ്ധനവ് - 30 % (വഴി സൌകര്യം -20% + എയർ കണ്ടീഷനിംഗ് 10%) | 432രൂപ |
| ഈടാക്കേണ്ട വസ്തുനികുതി | 1,872രൂപ |
| ഈടാക്കിയ വസ്തുനികുതി | 208രൂപ. |

| | |
|---|---|
| ഈടാക്കിയതിൽ കുറവ് | 1,664രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (1872 * 5%) | 94 രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 11രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 83 രൂപ. |
| ആകെ നഷ്ടം (1664+83 ) | 1,747 രൂപ. |

കെട്ടിടങ്ങളുടെ ഒക്യുപ്പൻസി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വ്യവസായ യൂണിറ്റ് ഈ കെട്ടിടങ്ങളിൽ ആരംഭിച്ചതുമുതലുള്ള വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതും അപാകത പരിഹരിച്ച് ഡിമാന്റ് ക്രമീകരിക്കേണ്ടതുമാണ്. . അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 20 /20.12.2018)

## 2-4 വസ്തുനികുതി നിർണ്ണയം - വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കിയില്ല.

13.03.2013 ലെ സ.ഉ(പി) നമ്പർ.88/2013/തസ്വഭവ ഉത്തരവ് പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. ഒരു കെട്ടിടത്തിന്റെ മുമ്പിലും വശത്തുമായി രണ്ട് തരം റോഡുകൾ ഉണ്ടായിരിക്കുകയും അവയിൽ നിന്ന് ഒരു റോഡിൽ നിന്ന് മാത്രം കെട്ടിടത്തിലേക്ക് പ്രവേശനമാർഗ്ഗം ഏർപ്പെടുത്തിയിരിക്കുകയും ചെയ്തിരിക്കുന്ന സംഗതിയിൽ, അവയിൽ നിന്ന് പ്രധാനപ്പെട്ട റോഡിൽ നിന്ന് കെട്ടിടത്തിലേക്ക് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ്. കൂടാതെ ഏതെങ്കിലും ഒരു പ്രധാന റോഡിൽ നിന്നും പത്ത് മീറ്റർ മാത്രം ദൂരത്തിൽ മറ്റൊരു അപ്രധാന റോഡ് മുഖേനയോ പൊതുനടപ്പാത മുഖേനയോ കെട്ടിടത്തിലേക്ക് വഴി സൗകര്യം ലഭ്യമാക്കിയിട്ടുള്ള സംഗതിയിൽ പ്രധാന റോഡിൽ നിന്നും കെട്ടിടത്തിലേക്ക് വഴി സൗകര്യമുള്ളതായി കണക്കാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള ചില അപേക്ഷകളിൽ സൈറ്റ് പ്ലാനിൽ റോഡിന്റെ വീതി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഇപ്രകാരം വർദ്ധനവ് വരുത്തിയിട്ടില്ലാത്തതിനാൽ താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേരും വിലാസവും | വിവരണം | ഈടാക്കേണ്ട വസ്തുനികുതി (L.C ഉൾപ്പെടെ) | ഈടാക്കിയ വസ്തുനികുതി (L.C ഉൾപ്പെടെ) | കുറവ് |
|---|---|---|---|---|---|
| 1 | സുലൈഖ, പുതുക്കാടൻ, വെളുമ്പിയംപാടം (അനുവദിച്ച കെട്ടിടനമ്പർ. V/152Bതി. 23.09.2017) | വിനിയോഗം - വാസഗൃഹം, തറവിസ്തീർണ്ണം - 110.14ച.മീ റോഡിന്റെ വീതി: 6മീ. | 509 (485 + 24) | 417 (397+20) | 92 (88 + 4) |

| | | | | | |
|---|---|---|---|---|---|
| | | ഇളവ് മേഖല- 10%<br>വർദ്ധനവ്- 20% (റോഡ്)<br>അടിസ്ഥാന വസ്തുനികുതി നിരക്ക് - 4 രൂപ | | | |
| 2 | പാത്തുമ്മ, w/o അഹമ്മദ് കുട്ടി, തൊട്ടിപറമ്പൻ ഹൌസ്, പനങ്കയം<br>(അനുവദിച്ച കെട്ടിടനമ്പർ. XVI/294 Aതിയ്യതി: 11.09.2017) | വിനിയോഗം - വാസഗൃഹം,<br>തറവിസ്തീർണ്ണം - 127.96 ച.മീ<br>റോഡിന്റെ വീതി: 6മീ.<br>ഇളവ്-മേഖല (10%)<br>വർദ്ധനവ്- റോഡ് (20%)<br>അടിസ്ഥാന വസ്തുനികുതി നിരക്ക് - 4 രൂപ | 591<br>(563+28) | 485<br>(461+24) | 106<br>(102+4) |
| 3 | മുഹമ്മദ് s/o ബാവ & ഭാര്യ സൈനബ, മുതിരപ്പറമ്പിൽ, ഉപ്പട<br>(അനുവദിച്ച കെട്ടിടനമ്പർ. XII/361 A തിയതി. 26.08.2017 ) | വിനിയോഗം - വാസഗൃഹം,<br>തറവിസ്തീർണ്ണം - 130.66 ച.മീ<br>റോഡിന്റെ വീതി: 6മീ.<br>ഇളവ്-മേഖല (10%)<br>വർദ്ധനവ്- റോഡ് (20%)<br>അടിസ്ഥാന വസ്തുനികുതി നിരക്ക് - 4 രൂപ | 604<br>(575+29) | 495<br>(471+24) | 109<br>(104+5) |

| | | | | | |
|---|---|---|---|---|---|
| 4 | സൈതലവി, s/o മുഹമ്മദ്, അറക്കൽ ഹൌസ്,ചാത്തംമുണ്ട (അനുവദിച്ച കെട്ടിടനമ്പർ. XII/299A തി. 26.08.2017) | വിനിയോഗം - വാണിജ്യം തറവിസ്തീർണ്ണം - 14.78ച.മീ റോഡിന്റെ വീതി: 6മീ. ഇളവ്- 20% (മേഖല -10% + മേൽക്കൂര 10% ) വർദ്ധനവ്- റോഡ് (20%) അടിസ്ഥാന വസ്തുനികുതി നിരക്ക് - 30 രൂപ | 467 (444+23) | 373 (355+18) | 94 (89+5) |
| 5 | ശിവദാസൻ, മോഴിക്കൽ ഹൌസ്, കുനിപ്പാല (അനുവദിച്ച കെട്ടിടനമ്പർ.VII/104 B തി. 14.06.2017) | വിനിയോഗം - വാസഗൃഹം തറവിസ്തീർണ്ണം- 182.16 ച.മീ റോഡിന്റെ വീതി: 6മീ. ഇളവ്-മേഖല (10%) വർദ്ധനവ്- റോഡ് (20%) അടിസ്ഥാന വസ്തുനികുതി നിരക്ക് - 4 രൂപ | 842 (802+40) | 689 (656+33) | 153 (146+7) |
| 6 | സജി, കുരവക്കാലായിൽ ഹൌസ്, പുഞ്ചക്കൊല്ലി, ഉപ്പട (അനുവദിച്ച കെട്ടിടനമ്പർ. VIII/74A തി. | വിനിയോഗം - വാസഗൃഹം. തറവിസ്തീർണ്ണം - 182.50 ച.മീ റോഡിന്റെ വീതി: 6മീ. ഇളവ്-മേഖല | 843 (803+40) | 690 (657+33) | 153 (146+7) |

| | | | | | |
|---|---|---|---|---|---|
| | 30.10.2017) | (10%)<br>വർദ്ധനവ്-റോഡ് (20%)<br>അടിസ്ഥാന വസ്തുനികുതി നിരക്ക് -4 രൂപ | | | |
| 7 | പാത്തുമ്മ, D/O വീരാൻകുട്ടി, പുതുപ്പറമ്പിൽ ഹൌസ്, ചെമ്പൻകൊല്ലി<br>(അനുവദിച്ച കെട്ടിടനമ്പർ. X/24A തി. 17.05.2017) | വിനിയോഗം - വാസഗൃഹം,<br>തറവിസ്തീർണ്ണം - 137.54 ച.മീ<br>റോഡിന്റെ വീതി: 8മീ.<br>ഇളവ്-മേഖല (10%)<br>വർദ്ധനവ്-റോഡ് (20%)<br>അടിസ്ഥാന വസ്തുനികുതി നിരക്ക് - 4 രൂപ | 636<br>(606+30) | 521<br>(496+25) | 115<br>(110+5) |
| ആകെ | | | 4492<br>(4278+214) | 3670<br>(3493+177) | 822<br>(785+37) |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് ഡിമാന്റ് ക്രമപ്പെടുത്തേണ്ടതും നഷ്ടുക ഈടാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 12 /19.12.2017)

## 2-5 <u>ഉപയോഗക്രമത്തിനനുസൃതമായ വസ്തുനികുതി ചുമത്തിയില്ല.</u>

ഇതരവ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 40 രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ശ്രീ.അബ്ദുറഹിമാൻ മുതൽപേർ, പൈക്കാടൻ, കുട്ടംകുളം ഉടമസ്ഥതയിലുള്ള 99.05 ച.മീറ്റർ തറവിസ്തീർണ്ണമുള്ള XI/526Aനമ്പർ കെട്ടിടത്തിന് 15 രൂപ നിരക്കിലാണ് നികുതി ചുമത്തിയിട്ടുള്ളത്. 2016-17, 2017-18 വർഷങ്ങളിൽ 9 HP യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റിന് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തിന് കൈത്തറി ഷെഡ്/ കയർപിരി ഷെഡ് എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി 15 രൂപ നിരക്കിൽ വസ്തു നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് 2860 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഉപയോഗം | ഇതരവ്യവസായം |
| തറവിസ്തീർണ്ണം | 99.05 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40/ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 99.05x40) | 3962 രൂപ |
| (-) ഇളവ് - 10 % (മേൽക്കൂര) | 396രൂപ |
| (+) വർദ്ധനവ് - 20 % (റോഡ്) | 793രൂപ |
| ഈടാക്കേണ്ട വസ്തുനികുതി | 4359രൂപ |
| ഈടാക്കിയ വസ്തുനികുതി | 1635രൂപ. |
| ഈടാക്കിയതിൽ കുറവ് | 2724രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (4359 * 5%) | 218രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 82രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 136 രൂപ. |
| ആകെ നഷ്ടം (2724 + 136 ) | 2860 രൂപ. |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് ഡിമാന്റ് ക്രമീകരിയ്ക്കേണ്ടതും വസ്തുനികുതി ഈടാക്കിയതിൽ കുറവുവന്ന തുക ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 16/19.12.2018)

## 2-6 വസ്തുനികുതി നിർണ്ണയത്തിലെ അപാകത

ഗ്രാമപഞ്ചായത്തിലെ XIII/298B നമ്പർ കെട്ടിടത്തിൽ ഫർണിച്ചറിനുവേണ്ട തടികൾ സ്റ്റോക്ക് ചെയ്യുന്നതിനും വിപണനം നടത്തുന്നതിനുമാണ് 2017-18 വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ശ്രീ.സുനി, പുന്നോലിക്കുന്നേൽ, വെള്ളിമുറ്റം എന്നവരുടെ ഉടമസ്ഥതയിലുള്ള 95.41 ച.മീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഈ കെട്ടിടത്തിന് കൈത്തറിഷെഡ് / കൈത്തൊഴിൽ ഷെഡ് എന്ന ഉപയോഗത്തിലുൾപ്പെടുത്തിയാണ് നികുതി ചുമത്തിയിട്ടുള്ളത്. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള ഷോപ്പ്/ ഗോഡൌൺ എന്നിവക്ക് ച.മീറ്ററിന് 30 രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി. കൈത്തറി ഷെഡ്/ കയർപിരി ഷെഡ് എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി 15 രൂപ നിരക്കിൽ വസ്തു നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് 1,504 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഉപയോഗം | വാണിജ്യം |
| തറവിസ്തീർണ്ണം | 95.41 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 30/ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 95.41x30) | 2863രൂപ |
| (-) ഇളവ് - 20 % (മേൽക്കൂര 10% + മേഖല 10%) | 572രൂപ |
| (+) വർദ്ധനവ് - 20 % (റോഡ്) | 573രൂപ |

| | |
|---|---|
| ഈടാക്കേണ്ട വസ്തുനികുതി | 2864രൂപ |
| ഈടാക്കിയ വസ്തുനികുതി | 1432രൂപ. |
| ഈടാക്കിയതിൽ കുറവ് | 1432രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (2864 * 5%) | 144രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 72രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 72രൂപ. |
| ആകെ നഷ്ടം (1432 + 72 ) | 1,504 രൂപ. |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് ഡിമാന്റ് ക്രമീകരിക്കേണ്ടതും വസ്തുനികുതി ഈടാക്കിയതിൽ കുറവുവന്ന തുക ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 21 /20.12.2018

## 2-7 ടെണ്ടർ ഫോറം വില ലഭ്യമായില്ല.

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് അക്കൌണ്ട് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം, പോത്തുകല്ല് ഗ്രാമപഞ്ചായത്ത് 2017-18വർഷത്തിൽ ടെണ്ടർ ചെയ്ത 18 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ഗ്രാമപഞ്ചാത്തിന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. വിശദവിവരം താഴെ ചേർക്കുന്നു.(ഓഡിറ്റ് എൻക്വയറി നം.14/19.12.2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

| പ്രൊജക്റ്റിന്റെ വിവരം | പങ്കെടുത്തവരുടെ എണ്ണം/നിരക്ക് | ഫോറം വില |
|---|---|---|
| കമ്പിപ്പാലം മുറംഉക്കി റോഡ് ടാറിംഗ് | 3x1180 | 3540 |
| പൊതുകിണറുകളുടെ പുനരുദ്ധാരണം | 2x1420 | 2840 |
| പൊതുകിണറുകളുടെ പുനരുദ്ധാരണം | 2x1420 | 2840 |
| പൂളപ്പാടം എൽ.പി.സ്കൂളിൽ സ്മാർട്ട് ക്ലാസ്സ് റൂം | 7x3540 | 24780 |
| GUPS-മുണ്ടേരി നവീകരണം | 2x1180 | 2360 |
| ചളിക്കൽ-പാറക്കൽ ലൈൻ നവീകരണം | 2x1540 | 3080 |
| മൂച്ചിക്കാപൊട്ടി-ചെമ്പാലി റോഡ് നവീകരണം | 3x1180 | 3540 |
| അമ്പിട്ടാൻപൊട്ടി-സൊസൈറ്റിപ്പടി റോഡ് ടാറിംഗ് | 3x1540 | 4620 |

| | | |
|---|---|---|
| മുരുകാഞ്ഞിരം-കുരിശ് റോഡ് ടാറിംഗ് | 5x1540 | 7700 |
| ബസ്സ്റ്റാന്റിൽ പൊതു ശൌചാലയം | 5x1300 | 6500 |
| ഭൂദാനം-കവളപ്പാറ റോഡ് ടാറിംഗ് | 3x1540 | 4620 |
| പഞ്ചായത്ത് ഓഫീസ് നവീകരണം | 2x3540 | 7080 |
| ബസ്സ്റ്റാന്റ് ടെർമിനൽ പൂർത്തീകരണം | 10x1890 | 18900 |
| ഹോമിയോ ഹോസ്പിറ്റൽ കെട്ടിടം-പൂർത്തീകരണം | 2x1420 | 2840 |
| കനാലുകളുടെ പൂർത്തീകരണം | 2x2600 | 5200 |
| കോളനികൾക്ക് സംരക്ഷണഭിത്തി | 2x3540 | 7080 |
| ചെമ്പ്ര ബദൽ സ്കൂൾ നിർമ്മാണം | 2x1680 | 3360 |
| പകൽവീട് കെട്ടിട നിർമ്മാണം | 2x1910 | 3820 |
| ആകെ | | 114700 |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തനതു ഫണ്ട് പരിശോധന - രേഖകൾ ലഭ്യമല്ല.

2017-18 വർഷം പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും നടത്തിയിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള ചെലവുകൾക്കാധാരമായ രേഖകളൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | ബിൽ നം/തീയതി | തുക | ചെലവ് വിവരം | പരാമർശം |
|---|---|---|---|---|
| 1. | 51700029/5-4-2017 | 18369 | ജീവനക്കാരുടെ 3/2017ലെ എൽ ഐ സി പ്രീമിയം ഒടുക്കിയത്. | തുക ഒടുക്കിയതിന് രസീതില്ല. |
| 2. | 51700291/12-7-2017 | 2000 | 2017-18 വർഷത്തെ വരിസംഖ്യ KREWS ൽ ഒടുക്കിയത്. | തുക ഒടുക്കിയതിന് രസീതില്ല. |
| | ആകെ | 20369 | | |

രേഖകളും, വിശദീകരണവും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/20-12-18)മറുപടി ലഭ്യമാക്കുകയോ,ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൈപ്പറ്റ് രേഖകളുടെ അഭാവത്തിൽ 20369 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-2 സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല.

2017-18 വർഷം സെക്രട്ടറി നടപ്പിലാക്കിയ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വാങ്ങിയ വിവിധയിനം ഉപകരണങ്ങൾ, ഫോറങ്ങൾ, രജിസ്റ്ററുകൾ ,നോട്ടീസുകൾ തുടങ്ങിയവയുടെ സ്റ്റോക്ക് എൻട്രി വരുത്തുന്നതിൽ നിരവധി അപാകതകൾ ഉണ്ട്.അവയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1). വാങ്ങുന്ന ഉപകരണങ്ങളുടെയും രജിസ്റ്ററുകളുടെയും, അതുപോലെ വിവിധ ആവശ്യങ്ങൾക്കായി പ്രിന്റ് ചെയ്യുന്ന നോട്ടീസ്,ലെറ്റർപാഡുകൾ തുടങ്ങിയവയുടെ എല്ലാം തന്നെ ബില്ലുകളിൽ സ്റ്റോക്ക് എൻട്രി നടത്തുന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല (രജിസ്റ്റർ നം, പേജ് നം. തുടങ്ങിയവ).

2). വിവിധ ആവശ്യങ്ങൾക്കായി വാങ്ങുന്ന കംപ്യൂട്ടർ ഉൾപ്പെടെയുള്ള അനുബന്ധ ഉപകരണങ്ങളുടെ ഗ്യാരണ്ടി പീരിയഡ് ഉൾപ്പെടെയുള്ള വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തന്മൂലം ഗ്യാരണ്ടി പീരിയഡിൽ ഉണ്ടാകുന്ന തകരാറുകൾ, ഇവയുടെ ഗ്യാരണ്ടി സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാലും, വാങ്ങിയ കാലയളവിൽ ഉണ്ടായിരുന്ന ജീവനക്കാർ സ്ഥലം മാറിപോകുന്നതുൾപ്പെടെയുള്ള കാരണങ്ങളാലും യഥാസമയം പരിഹരിക്കപ്പെടുന്നതിനുള്ള സാധ്യതകൾ ഇല്ലാതാകുന്നു.

3). സ്റ്റോക്ക് രജിസ്റ്ററിൽ വർഷം തിരിച്ച് വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ബിൽ വിവരങ്ങളും രേഖപ്പെടുത്താത്തതിനാൽ സ്റ്റോക്ക് എൻട്രി പരിശോധിക്കുന്നത് പ്രയാസകരമാണ്.

4). പദ്ധതി രൂപീകരണ, നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രിന്റ് ചെയ്ത് സ്റ്റോക്കിലെടുത്തിട്ടുള്ള നിരവധി സുവനീറുകൾക്ക് പേജടിസ്ഥാനത്തിൽ ആണ് തുക നൽകിയിട്ടുള്ളതെങ്കിലും,പലതിലും പേജ് നം.പോലും രേഖപ്പെടുത്തിയിട്ടില്ല.ഉദാഹരണം വികസന മേഖല സ്റ്റാറ്റസ് റിപ്പോർട്ട് (പട്ടിക ജാതി വികസനം), വികസന മേഖല സ്റ്റാറ്റസ് റിപ്പോർട്ട് (പ്രാദേശിക സാമ്പത്തിക വികസനം), വികസന മേഖല സ്റ്റാറ്റസ് റിപ്പോർട്ട് (പൊതുമരാമത്ത്) തുടങ്ങിയവ (പ്രിന്റ് ചെയ്ത പേജുകളുടെ എണ്ണത്തിനുള്ള തുക മാത്രമെ അനുവദിച്ചിട്ടുള്ളു)

5).കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 17/20-12-18 ന് മറുപടി ലഭിച്ചിട്ടില്ല.സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതും, മേൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

## 3-3 PMAY അധിക വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-300000/-രൂപ തടസ്സപ്പെടുത്തുന്നു.

2017-18 വർഷം സെക്രട്ടറി നടപ്പിലാക്കിയ പി.എം.എ.വൈ അധിക വിഹിതം (പ്രൊജക്ട് നം. 008/18)എന്ന പദ്ധതി പ്രകാരം 3,00,000/- ഭവന നിർമ്മാണത്തിനുള്ള അധിക വിഹിതമായി നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട് (ബിൽ നം 6/17-18,തീയതി 22/7/2017).ആയതിന്റെ കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(3/13-12-2018) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.വിനിയോഗ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 യോഗ തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ. കാലതാമസം.

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ മിനിട്ട്സ് പരിശോധിച്ചതിൽ വിവിധ തീയതികളിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

1.28/04/2017ലെ 9(6)ാം നമ്പർ തീരുമാനം-

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം

സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

2.21/06/2017ലെ 19(1)ാം നമ്പർ തീരുമാനം-

ടി തീരുമാന പ്രകാരം പ്രസിഡന്റ് ചെയർമാനും, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വൈസ് ചെയർമാനും, ഐ സി ഡി എസ്സ് സൂപ്പർവൈസർ മെമ്പർ സെക്രട്ടറിയായും ഉൾക്കൊള്ളിച്ചുകൊണ്ട് വില്ലേജ് ലെവൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

3.14/08/2017ലെ 4(1)ാം നമ്പർ തീരുമാനം-

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ശ്മശാനം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ആധുനിക വാതക ശ്മശാനം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കാൻ അസ്സി.എൻജിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങളും വില്ലേജ് ലെവൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ തുടർ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിവരങ്ങളും ലഭ്യമാക്കുവാനാവശ്യപ്പെട്ട് 25-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. സമീപ പഞ്ചായത്തുകളിൽ ഇപ്രകാരം നടപ്പിലാക്കിയ പദ്ധതികൾ പരാജയമായതിനാൽ പദ്ധതി സഹായം നൽകാമെന്നേറ്റിരുന്ന കിഫ്ബി ആയത് പ്രോത്സാഹിപ്പിക്കുന്നില്ലാത്തതിനാലാണ് പദ്ധതി നടപ്പാകാതെ വന്നതെന്ന്എക്സിറ്റ് മീറ്റിംഗിൽ സെക്രട്ടറി അറിയിച്ചു. 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം പരമാവധി കുറക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടെന്നും പ്രസിഡന്റ് മീറ്റിംഗിൽ അറിയിച്ചു.വില്ലേജ് ലെവൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതല്ലാതെ മറ്റ് തുടർ നടപടികൾ ഒന്നും തന്നെ ഇതുവരെ സ്വീകരിച്ചിട്ടില്ലായെന്നും അടിയന്തരമായി അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മീറ്റിംഗിൽ പ്രസിഡന്റ് അറിയിച്ചു. കൈക്കൊള്ളുന്ന തീരുമാനങ്ങൾ യഥാസമയം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ശമ്പള പരിഷ്കരണ കുടിശ്ശിക പണമായി അനുവദിച്ചത് തിരികെ ഈടാക്കി പ്രൊവിഡന്റ് ഫണ്ട് അക്കൌണ്ടിൽ അടവാക്കിയില്ല.

2014 ലെ ശമ്പള പരിഷ്കരണ ഉത്തരവ് (GO(P) No.7/2016 Dt: 22.03.2017) പ്രകാരമുള്ള ശമ്പള പരിഷ്കരണത്തിന്റെ ഫലമായി കുടിശ്ശികയിനത്തിൽ 01.07.2014 മുതൽ 31.01.2016 വരെ ജീവനക്കാർക്ക് നൽകാനുള്ള തുക 4 തുല്യഗഡുക്കളായി നൽകാമെന്ന് ഉത്തരവായിരുന്നു. തുടർന്ന് പുറപ്പെടുവിച്ച 06.10.2017 ലെ ജി.ഒ(പി) നം.128/2017/ഫിൻ ഉത്തരവ് പ്രകാരം രണ്ടാം ഗഡു പലിശ സഹിതം ജീവനക്കാരന്റെ പ്രൊവിഡന്റ് അക്കൌണ്ടിലേക്ക് ലയിപ്പിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 13 ജീവനക്കാരുടെ കുടിശ്ശിക തുകയായ 1,88,527/- രൂപ വൌച്ചർ നമ്പർ.21700495/04.10.2017 പ്രകാരം പിൻവലിച്ച് ജീവനക്കാരന് പണമായി നൽകുകയാണ് ചെയ്തിട്ടുള്ളത്. പിന്നീട് ഇതിലെ 11 ജീവനക്കാരുടെ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന 2 ജീവനക്കാരിൽ നിന്നും നാളിത് വരെ തുക ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേരും തസ്തികയും | തുക |
|---|---|---|
| 1 | ശ്രീ.കെ.പി.അനിൽകുമാർ, അക്കൌണ്ടന്റ് | 16,819/- രൂപ |
| 2 | ശ്രീ. സുരേഷ്കുമാർ.കെ.പി, സീനി.ക്ലർക്ക് | 15,506/- രൂപ |

ടി ഉത്തരവ് പ്രകാരം പണമായി കുടിശ്ശിക തുക പിൻവലിച്ചവരിൽ നിന്നും 31-10-2017 നകം തുക

തിരികെ ഈടാക്കാത്തപക്ഷം ആയതിന് തുക തിരികെ ഒടുക്കുന്ന തീയതി വരെ 12 % പലിശ ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.24/20.12.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ജീവനക്കാരിൽ നിന്നും തുക ഈടാക്കി അവരുടെ പ്രൊവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

## 3-6 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) നടപ്പിലാക്കിയ പരിരക്ഷ രോഗികളുടെ പരിചരണം (15/18) പദ്ധതിയിലെ അപാകതകൾ.

| | |
|---|---|
| പദ്ധതി | പരിരക്ഷ രോഗികളുടെ പരിചരണം (15/18) |
| ചെലവ് | 4,50,580/- ( വികസനഫണ്ട് ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ), പോത്തുകല്ല് ഗ്രാമപഞ്ചായത്ത്. |

2015 ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ (ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ തി. 29.10.2015) പ്രകാരം ഗ്രാമപഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും മുനിസിപ്പൽ കോർപ്പറേഷനുകളുടേയും നേതൃത്വത്തിൽ നടപ്പാക്കേണ്ട പ്രാഥമിക പാലിയേറ്റീവ് പരിചരണ സംവിധാനം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുമായി ബന്ധപ്പെടുത്തി പരിശോധിച്ചതിൽ പോത്തുകല്ല് ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ നടപ്പിലാക്കിയ പരിരക്ഷ രോഗികളുടെ പരിചരണം പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട് എന്ന് കണ്ടു.

(i) ഗ്രാമപഞ്ചായത്ത് രൂപീകരിച്ചിട്ടുള്ള പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. എന്നാൽ 2017-18 വർഷത്തിലെ പി.എം.സി യോഗങ്ങളുടെ മിനുടസ് പരിശോധിച്ചതിൽ 2017-18 വർഷത്തിൽ ആകെ ചേർന്ന 7 യോഗങ്ങളിൽ ഇത്തരത്തിലുള്ള നടപടികൾ ഉണ്ടായതായി കാണുന്നില്ല.

(ii) പദ്ധതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പി.എം.സിയുടെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനത്തിൽവെച്ച് ഓരോ മാസത്തിലും അവലേകനയോഗങ്ങൾ നടത്തേണ്ടതും യോഗത്തിൽ മുൻമാസം നടന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ടും വരവ് ചെലവുകണക്കുകളും നഴ്സ് അവതരിപ്പിക്കേണ്ടതുമാണ്. അടുത്തമാസത്തേക്കുള്ള പ്രവർത്തന രൂപരേഖ എഴുതി തയ്യാറാക്കേണ്ടതും റിപ്പോർട്ടും കണക്കും ചർച്ച ചെയ്ത് , പോരായ്മകൾ പരിഹരിച്ച്, ഭാവിപ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ വേണ്ട തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ ഉണ്ടായതായി കാണുന്നില്ല.

(iii). ആരോഗ്യവുമായി ബന്ധപ്പെട്ട പ്രൊജക്കുകൾ മോണിട്ടർ നടത്തുന്ന വർക്കിംഗ് ഗ്രൂപ്പ് പാലിയേറ്റീവ് കെയർ പ്രൊജക്കുകളുടേയും മോണിട്ടർ നടത്തണം. എന്നാൽ ഇപ്രകാരമുള്ള മോണിട്ടറിംഗ് നടന്നിട്ടില്ല.

(iv). ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യ – വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ ഈ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സിൽ ഇപ്രകാരമുള്ള അജണ്ടയോ തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.

(v). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർഷത്തിലൊരിക്കൽ പ്രത്യേക അജണ്ടയായി പാലിയേറ്റീവ്

കെയർ പ്രവർത്തനം വിലയിരുത്തുകയും അതനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്തിന്റെ യോഗതീരുമാനങ്ങളിൽ ഇപ്രകാരമുള്ള രേഖപ്പെടുത്തലുകൾ ഒന്നും കാണുന്നില്ല.

(VI) രജിസ്റ്റർ ചെയ്ത രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. അതിന്റെ ഭാഗമായി രോഗികളുടേയും കുടുംബാംഗങ്ങളുടേയും ഹോം കെയർ ടീമിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകരുടേയും വാർഷിക സംഗമം വിളിച്ചുചേർക്കാവുന്നതാണ്. എന്നാൽ സംഗമം ആർഭാടരഹിതമായി സംഘടിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇങ്ങനെ സംഘടിപ്പിക്കുന്ന സംഗമങ്ങളിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും ഭക്ഷണ ചെലവിലേക്കായി 60/- രൂപ വീതം ചെലവഴിക്കാവുന്നതാണ്. കൂടാതെ സംഗമ നടത്തിപ്പിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3000/- രൂപയും ചെലവഴിക്കാവുന്നതാണ്. കൂടുതൽ തുക വേണ്ടി വരുകയാണെങ്കിൽ സ്പോൺസർ ഷിപ്പിലൂടെ കണ്ടെത്തേണ്ടതാണ്.

എന്നാൽ 2017- 18 വർഷത്തിൽ നടപ്പിലാക്കിയ പരിരക്ഷ രോഗികളുടെ പരിചരണം പദ്ധതിയുടെ ഭാഗമായി 22.02.2018 ന് പോത്തുകൽ പി.എച്ച്.സി യിൽ വെച്ച് സംഘടിപ്പിച്ച രോഗീ ബന്ധു സംഗമത്തിനായി 30840/-രൂപ ( ബി.നം.19/17-18 തിയതി.24.03.2018) ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | വൗച്ചർ നമ്പർ | തുക |
|---|---|---|
| പ്രിന്റിംഗ് ചാർജ് - ബാഡ്ജ് | 346/ 21.02.2018 | 500/- |
| പബ്ലിസിറ്റി (വാഹന വാടക + മൈക്ക് സിസ്റ്റം) | 347,349/ 21.02.2018 | 2900/- (2000+900) |
| വണ്ടി വാടക ( ചുങ്കത്തറയിൽ നിന്നും വീൽ ചെയർ കൊണ്ടുവന്നതിന്) | 348/ 21.02.2018 | 1500/- |
| പി.എച്ച്.സി പരിസരം വൃത്തിയാക്കിയതിന് | 350/ 21.02.2018 | 600/- |
| പി.എച്ച്.സിയുടെ അകം വൃത്തിയാക്കിയതിന് | 351/ 21.02.2018 | 600/- |
| പി.എച്ച്.സിയുടെ പാചകപ്പുര വൃത്തിയാക്കിയതിന് | 352/ 21.02.2018 | 600/- |
| പി.എച്ച്.സിയിലെ ടോയിലറ്റുകൾ വൃത്തിയാക്കിയതിന് | 353/ 21.02.2018 | 600/- |
| പി.എച്ച്.സി പരിസരം വൃത്തിയാക്കിയതിന് | 354/ 21.02.2018 | 600/- |
| പി.എച്ച്.സി പരിസരം വൃത്തിയാക്കിയതിന് | 355/ 21.02.2018 | 600/- |
| സ്റ്റേഷനറി | 356,357/ 21.02.2018 | 1010/- |
| രോഗികളേയും ബന്ധുക്കളേയും സംഗമത്തിന് എത്തിച്ചതിനും തിരികെ കൊണ്ടുപോയതിനും വാഹന വാടക | 358 മുതൽ 368 വരെ/ 22.02.2018 | 15000/- |
| പി.എച്ച്.സിയുടെ അകം വൃത്തിയാക്കിയതിന് | 379/22.02.2018 | 600/- |
| പി.എച്ച്.സിയുടെ പാചകപ്പുര വൃത്തിയാക്കിയതിന് | 370/22.02.2018 | 600/- |

| | | |
|---|---|---|
| പി.എച്ച്.സിയിലെ ടോയിലറ്റുകൾ വൃത്തിയാക്കിയതിന് | 371/22.02.2018 | 600/- |
| പി.എച്ച്.സി പരിസരം വൃത്തിയാക്കിയതിന് | 372/22.02.2018 | 600/- |
| ഡക്കറേഷൻ | 373/22.02.2018 | 950/- |
| ഡോക്കുമെന്റേഷൻ | 374/22.02.2018 | 980/- |
| ബൊക്ക | 375/22.02.2018 | 490/- |
| ഹോണറേറിയം | 376/22.02.2018 | 1500/- |
| ആകെ | | 30840/- |

സംഗമങ്ങളിൽ പങ്കെടുക്കുന്നവർക്കുള്ള ഭക്ഷണ ചെലവ് കൂടാതെ സംഗമ നടത്തിപ്പിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3000/- രൂപ മാത്രമെ ചെലവഴിക്കാവൂ എന്നിരിക്കെ 30840/- രൂപ ചെലവഴിച്ചതിന് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട എൻക്വയറിക്ക് ഭാവിയിൽ ഈ അപാകതകൾ ഒഴിവാക്കുന്നതാണെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ച 27840/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

(VII) പരിരക്ഷ നേഴ്സിന് ഫോൺ അലവൻസ്

2017-18 വർഷത്തിൽ പരിരക്ഷാ നേഴ്സിന് മാസം 300/- രൂപ നിരക്കിൽ 3600/- രൂപ (ബി.നം.12/17-18 തിയതി. 15.03.2018) ഫോൺ അലവൻസായി നൽകിയിട്ടുണ്ട്. ആയത് ക്രമപ്രകാരമല്ല.

(VIII) വാഹനവാടക നൽകിയതിൽ അപാകത

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ രണ്ട് പദ്ധതികൾക്കായി 14.12.2017 ന് KL – 71 C- 5808വാഹനം ഓടിയ വകയിൽ വാടക അനുവദിച്ചിട്ടുണ്ട്. ഹാജരാക്കിയ ട്രിപ്പ് ഷീറ്റ് അനുസരിച്ച് ഒരേ സമയം തന്നെ (9.30 മുതൽ 4.30 വരെ)രണ്ട് പദ്ധതികൾക്കായി വാഹനം ഉപയോഗിച്ചതായി കാണുന്നു. 'പി.എച്ച്.സി യുടെ വിവിധ ആരോഗ്യ പ്രവർത്തനങ്ങൾ' പദ്ധതിയുടെ ഭാഗമായി പ്രതിരോധ കുത്തിവെപ്പിനായി വാഹനം ഓടിയ വകയിൽ ബിൽ നമ്പർ.7/17-18 തിയതി. 14.02.2018 പ്രകാരവും പരിരക്ഷ രോഗികളുടെ പരിചരണം പദ്ധതിയുടെ ഭാഗമായി ബിൽ നമ്പർ.8/17-18 തിയതി. 14.02.2018 പ്രകാരവും വാടക അനുവദിച്ചിട്ടുണ്ട്. ആയതിന് നൽകിയ വിശദീകരണം തൃപ്തികരമല്ല. ഇപ്രകാരം അനുവദിച്ച 1150/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

(IX) ചെലവുരേഖകൾ ഹാജരാക്കിയില്ല.

2017 നവംബർ മാസത്തിൽ 13 ഹോം കെയർ ദിനങ്ങളിലെ വാഹനവാടകയായി 14,950/- രൂപയും റിഫ്രഷ്മെന്റിനായി 3250/- രൂപയും ചെലവഴിച്ചിട്ടുണ്ട് ( ബി.നം.5/17-18 തി.18.01.2018) . എന്നാൽ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ചെലവു തുക 18200/-രൂപ തടസ്സം ചെയ്യുന്നു.

പാലിയേറ്റീവ് പരിചരണ പ്രൊജക്ടിന്റെ നടത്തിപ്പിനായി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിധേയമായി തനത് ഫണ്ട് / വികസനഫണ്ട് വിനിയോഗിക്കാവുന്നതാണെങ്കിലും വളരെ അത്യാവശ്യ കാര്യങ്ങൾക്ക് മിതവ്യയം പാലിച്ച് ഫണ്ട് വിനിയോഗിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. (എൻക്വയറി നം. 5 / 17.12.2018)

## 3-7 വില നൽകി മാസങ്ങൾക്ക് ശേഷവും മരുന്ന് ലഭ്യമാക്കിയില്ല.

2017- 18 വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പി.എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ ( 21/18) ഭാഗമായി പി.എച്ച് സി യിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി 2,00,000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ( ബി.നം.9/17-18 തിയതി. 24.02.2018 , PRF- 1185/29.01.2018 – 75,767/-, PRF- 3856/29.01.2018 – 1,24,233/- ). എന്നാൽ നാളിതുവരെ മരുന്നുകളൊന്നും ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ 6/17.12.2018 നമ്പർ എൻക്വയറിക്ക് മരുന്ന് ഉടൻ ലഭ്യമാക്കുമെന്ന് കെ.എം. സി.എൽ അറിയിച്ചതായി മറുപടി നൽകി. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നതുവരെ ചെലവു തുക 2,00,000/- രൂപ തടസ്സം ചെയ്യുന്നു.

## 3-8 ആശ്രയ പദ്ധതി - ലക്ഷങ്ങൾ ചെലവഴിക്കപ്പെടാതെ അക്കൌണ്ടിൽ അവശേഷിക്കുന്നു.

ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം 31.03.2018 ന് അവസാനിച്ചിട്ടുണ്ട്. പോഷകാഹാര കിറ്റിനായി 3,11,200/- രൂപയും വീട് റിപ്പയറിംഗിനായി 25,000/- രൂപയും മാത്രമാണ് 2017-18 ൽ ചെലവ് നടന്നിട്ടുള്ളത്. പദ്ധതി അവസാനിക്കുമ്പോഴും ബാങ്ക് അക്കൌണ്ടിൽ (A/C.6735 കെ.ജി.ബി ഞെട്ടിക്കുളം) 2,73,828/- രൂപ അവശേഷിക്കുന്നുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ നീക്കിയിരിപ്പ് ബാങ്ക് അക്കൌണ്ടിൽ നിഷ്ക്രിയമായി തുടരുന്നത് സംബന്ധിച്ചും തുടർസേവന പാക്കേജ് ആരംഭിക്കാത്തത് സംബന്ധിച്ചും മുൻ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. 2010-11 ന ശേഷം ഈ അക്കൌണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ അടിസ്ഥാന, അതിജീവനാവശ്യങ്ങൾ മുഴുവൻ നിറവേറ്റപ്പെടാതെ പദ്ധതി അവസാനിക്കുകയാണുണ്ടായത്. 01.11.18ന് അക്കൌണ്ടിൽ (നം.13135 കെ.ജി.ബി ഞെട്ടിക്കുളം) 11,82,069/- രൂപ നീക്കിയിരിപ്പുണ്ട്. വികസനഫണ്ട് അടക്കമുള്ള തുക നിഷ്ക്രിയ ആസ്തിയായി ബാങ്ക് അക്കൌണ്ടിൽ സൂക്ഷിച്ചത്, ഫണ്ടിന്റെ ദുരുപയോഗമാണ്. പദ്ധതി നടത്തിപ്പിന്റെ പുരോഗതി, നിർവ്വഹണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തതായി കാണുന്നില്ല. പദ്ധതിയുടെ നിർവ്വഹണത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ ഇടപെടൽ ഉണ്ടായിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ.ഉ.(എം.എസ്) നം.252/2017/തസ്വഭവ 12.12.2017-അഗതി രഹിത കേരളം - മാർഗ്ഗരേഖ അനുസരിച്ച് പദ്ധതി തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയതായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള സർവ്വേ പൂർത്തിയായിട്ടില്ല. നീക്കിയിരിപ്പുള്ള തുക കൂടി വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നും അറിയിക്കുകയുണ്ടായി. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ഫലപ്രദമായി പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ - അർഹത ഉറപ്പ് വരുത്തിയില്ല.

2017-18 സാമ്പത്തിക വർഷത്തിലെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (എം.എസ്) നമ്പർ.80/2017 /തസ്വഭവ തിയ്യതി.03.04.2017) ഖണ്ഡിക 2.12 പ്രകാരം വാർഷിക വരുമാനം പൊതു വിഭാഗത്തിൽ ഒരു ലക്ഷം രൂപയും പട്ടിക ജാതി വിഭാഗത്തിന് രണ്ടു ലക്ഷം രൂപ വരെയും ഉള്ളവർക്കാണ് സബ്സിഡിക്ക് അർഹതയുള്ളൂ. ഖണ്ഡിക 2.15 (i) പ്രകാരം സർക്കാർ / അർദ്ധ സർക്കാർ / എയ്ഡഡ് / സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ, പെൻഷനർ എന്നിവരിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബത്തെ ജനറൽ 1 ലക്ഷം / പട്ടിക ജാതി 2 ലക്ഷം രൂപയിൽ കുറവ് വരുമാനം ഉള്ളവരായി

കണക്കാക്കാവുന്നതല്ല.

എന്നാൽ ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളിലെ 3 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചപ്പോൾ ഇപ്രകാരമുള്ള അർഹത ഉറപ്പ് വരുത്തിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1). പശു വളർത്തൽ പദ്ധതി (വനിത)

| | |
|---|---|
| പ്രൊജക്ട് നമ്പർ | 160/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| ചെലവഴിച്ച തുക | 8,00,000 രൂപ. |
| ബിൽ നമ്പർ / തിയ്യതി | 04/2017-18 തി.21.11.2017 – 3,75,000/- രൂപ. |
| | 09/2017-18തി.10.01.2018 – 1,50,000/- രൂപ. |
| | 12/2017-18തി.27.01.2018 – 75,000/- രൂപ. |
| | 16/2017-18 തി.23.02.2018 – 75,000/- രൂപ. |
| | 24/2017-18 തി.24.03.2018 – 1,25,000/- രൂപ. |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | ബിൽ നമ്പർ / തിയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | ഏലിയാമ്മ മത്തായി, മണ്ണാര്യത്ത് വീട്, മുതുകുളം | 25,000/- രൂപ. | 24/2017-18 തി. 24.03.2018 | സർക്കാർ ജീവനക്കാരൻ ഉൾപ്പെടുന്ന കുടുംബം (ഭർത്താവ്) - [റേഷൻ കാർഡ് നമ്പർ. 2052069870] |
| 2 | ലീലാമ്മ എബ്രഹാം, പ്ലാവുനിൽക്കുന്നതിൽ, ഉപ്പട ഗ്രാമം. | 25,000/- രൂപ. | 04/2017-18 തി. 21.11.2018 | സർവ്വീസ് പെൻഷനർ ഉൾപ്പെടുന്ന കുടുംബം (ഭർത്താവ്) - [റേഷൻ കാർഡ് നമ്പർ. 2052010027].<br>കുടുംബ വാർഷിക വരുമാനം 1,61,700/- രൂപ (വരുമാന സർട്ടിഫിക്കറ്റ് നമ്പർ. 27327280 തി.26.08.2017, വില്ലേജ് ഓഫീസർ, പോത്തുകല്ല്). |

2). കിടാരി വിതരണം (വനിത)

| | |
|---|---|
| പ്രൊജക്ട് നമ്പർ | 30/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| ചെലവഴിച്ച തുക | 1,60,000 രൂപ. |

| | |
|---|---|
| ബിൽ നമ്പർ / തിയ്യതി | 07/2017-18 തി.10.01.2018 – 1,04,000/- രൂപ. |
| | 20/2017-18തി.15.03.2018 – 24,000/- രൂപ. |
| | 22/2017-18തി.24.03.2018 – 24,000/- രൂപ. |
| | 25/2017-18 തി.28.03.2018 – 8,000/- രൂപ. |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | ബിൽ നമ്പർ / തിയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | ഗീതാകുമാരി, പൈക്കാടൻ വീട്, കുട്ടംകുളം, ഭ്രദാൻകോളനി | 8,000/- രൂപ. | 07/2017-18 തി. 10.01.2018 | കുടുംബ വാർഷിക വരുമാനം 2,42,352/- രൂപ (വരുമാന സർട്ടിഫിക്കറ്റ് നമ്പർ. 27204484 തി.22.08.2017, വില്ലേജ് ഓഫീസർ, പോത്തുകല്ല്). |

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.01/ 22.12.2018), 14.02.2018 ൽ ഇറങ്ങിയ 2018-19 വർഷത്തിലേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ അനുസരിച്ചാണ് അബദ്ധത്തിൽ ഇപ്രകാരം തുക അനുവദിച്ചതെന്നും ഈ മാർഗ്ഗരേഖ പ്രകാരം (സ.ഉ (കൈ) നം.22/2018 തസ്വഭവ തി.14.02.2018) മൃഗസംരക്ഷണം, മത്സ്യ വികസനം എന്നീ മേഖലകളിൽ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപ വരെയുള്ളവർക്ക് ആനുകൂല്യം നൽകാവുന്നതാണ് എന്നുമാണ് വെറ്റിനറി സർജൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം നടത്തുമ്പോൾ അതത് വർഷത്തേക്ക് ബാധകമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം-ഗുണമേൻമ ഉറപ്പ് വരുത്തിയില്ല.

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (2-11-12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser,Ministry of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2017-18 വർഷത്തിൽ 6 മാസം മുതൽ 3 വയസ്സ വരെയുള്ള കുട്ടികൾക്ക് നൽകുന്ന പോഷകാഹാരം കൈരളി ന്യൂട്രിമിക്സ്, നെട്ടിക്കുളം, ഉപ്പട.പി.ഒ എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. എന്നാൽ ഇപ്രകാരമുള്ള ഗുണനിലവാര പരിശോധന സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് പരിശോധനാ റിപ്പോർട്ട് 05.10.2018 ന് ഹാജരാക്കി. കൈരളി ന്യൂട്രിമിക്സിൽ നിന്നുള്ള ന്യൂട്രിമിക്സ് സാമ്പിൾ ഗുണമേൻമാപരിശോധന റിപ്പോർട്ട് (നം.1264/2017-18 Dtd.03.04.2018) അനുസരിച്ച് ചില ഗുണമേൻമാ സൂചകങ്ങളിൽ നിഷ്കർഷിച്ച രീതിയിലുള്ള ഗുണമേൻമയുള്ളതായി കാണുന്നില്ല.

| Quality characteristics | Test result | Prescribed standard |
|---|---|---|
| Ash insoluble in dilute HCl<br>(on dry basis) | 0.64 % | Not more than 0.1 % by weight. |
| Crude Fibre on dry weight basis | 1.22% | Not more than 1% by weight |

പരിശോധനാ റിപ്പോർട്ടിൽ കൈരളി ന്യൂട്രിമിക്സിൽ നിന്നും പരിശോധനക്കയച്ച സാമ്പിളിന്റെ ഗുണനിലവാരത്തെ കുറിച്ച് ഫുഡ് അനലിസ്റ്റ് താഴെ പറയുന്ന പ്രകാരമാണ് റിപ്പോർട്ട് നൽകിയിട്ടുള്ളത്.
"The said sample does not conform to the standards prescribed for processed cereal based complimentary food falling under Regulation 2.1.9:4 of Food sefety and standards regulations, 2011 and is there for as per section 3(1)(zx) of Food safety and standards Act, 2006. Also reported that the said sample is labelled in accordance with the requirement Regulations 2.2.1.7 of Food Safety and Standards (Packaging and labelling) Regulations 2011 and is there for misbranded as per section 3(1)(zf) C(i) of Food safety and standards Act, 2006.
പരിശോധനാ റിപ്പോർട്ടിൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്ഥാപനം സ്വീകരിച്ചിട്ടുണ്ടോ, തുടർന്ന് സാമ്പിൾ പരിശോധന നടത്തി ആവശ്യമായ ഗുണമേൻമയുണ്ടോ എന്നിവ ഉറപ്പുവരുത്താതെയാണ് 2018-19 വർഷത്തിലും ഈ സ്ഥാപനത്തിൽ നിന്നും പോഷകാഹാരം വിതരണം ചെയ്തിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വിതരണം ചെയ്യുന്ന പോഷകാഹാരം ഗുണമേൻമയുള്ളതാണെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ് .

## 3-11 കിണർ റീ - ചാർജിംഗ് പദ്ധതി - അർഹത ഉറപ്പ് വരുത്താതെ ആനുകൂല്യം അനുവദിച്ചു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 147/17 |
| അടങ്കൽ തുക | 3,45,600/- രൂപ |
| വിനിയോഗിച്ച തുക | 24,000/- രൂപ |
| ബിൽ നമ്പർ / തിയ്യതി | 09/2017-18 തിയ്യതി.31.03.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

2017-18 സാമ്പത്തിക വർഷത്തിലെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (എം.എസ്) നമ്പർ.80/2017 /തസ്വഭവ തിയ്യതി.03.04.2017) ഖണ്ഡിക 2.12 പ്രകാരം വാർഷിക വരുമാനം പൊതു വിഭാഗത്തിൽ ഒരു ലക്ഷം രൂപയും പട്ടിക ജാതി വിഭാഗത്തിന് രണ്ടു ലക്ഷം രൂപ വരെയും ഉള്ളവർക്കാണ് സബ്സിഡിക്ക് അർഹതയുള്ളു. വരുമാന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികൾ സാക്ഷ്യപ്പെടുത്തിയതോ / നിർവ്വഹണ ഉദ്യോഗസ്ഥർ സ്വയം അന്വേഷിച്ച് സാക്ഷ്യപ്പെടുത്തിയതോ ആയിരിക്കണം. എന്നാൽ കിണർ റീചാർജിംഗ് എന്ന പദ്ധതി നിർവ്വഹണത്തിൽ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചപ്പോൾ ഇപ്രകാരമുള്ള അർഹത ഉറപ്പ് വരുത്തിയിട്ടില്ല.

ഖണ്ഡിക 2.15 (i) പ്രകാരം സർക്കാർ / അർദ്ധ സർക്കാർ / എയ്ഡഡ് / സഹകരണ സ്ഥാപനങ്ങൾ

എന്നിവയിലെ ജീവനക്കാർ, പെൻഷനർ എന്നിവരിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബം എന്നിവരെ ജനറൽ 1 ലക്ഷം / പട്ടിക ജാതി 2 ലക്ഷം രൂപയിൽ കുറവ് വരുമാനം ഉള്ളവരായി കണക്കാക്കി ആനുകൂല്യങ്ങൾ നൽകാവുന്നതല്ല. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ 29.07.2017 മുതൽ 09.08.2017 വരെയുള്ള കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ തന്നെ ഗുണഭോക്താവായി ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. ഈ ഗുണഭോക്താവിന്റെ അപേക്ഷയും ഫയലിൽ ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിലെ വീടുകളിലെ കിണർ റീചാർജ്ജിംഗ് ലക്ഷ്യമിട്ട് കൊണ്ടുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 139 പേരുടെ ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമപഞ്ചായത്ത് അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും 4 ഗുണഭോക്താക്കൾ മാത്രമാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത് (0.029%). 3,45,600/- രൂപ വകയിരുത്തിയ ഈ പ്രൊജക്ടിൽ ഒരു ഗുണഭോക്താവിന് 6000/- രൂപ നിരക്കിൽ 4 ഗുണഭോക്താക്കൾക്കായി 24,000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്(6.94%). അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ 139 ഗുണഭോക്താക്കൾ ഉണ്ടായിട്ടും പദ്ധതിയിൽ പങ്കാളിത്തം വളരെ കുറവാണ്. അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.08/ 18.12.2018) , 14.02.2018 ലെ സ.ഉ (കൈ) നം.22/2018 തസ്വഭവ നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 2.12.1 പ്രകാരം കാർഷിക മേഖലയിൽ ആനുകൂല്യം നൽകുന്നതിനുള്ള മാനദണ്ഡം വരുമാന പരിധിയായിരിക്കില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും ആയതിനാലാണ് വരുമാന പരിധി നോക്കാഞ്ഞത് എന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ മറുപടിയിൽ പരാമർശിച്ചിരിക്കുന്നത് 2018-19 സാമ്പത്തിക വർഷത്തിലേക്കുള്ള സബ്സിഡി മാർഗ്ഗരേഖയാണ്. കൂടാതെ ഈ പ്രവൃത്തി ജലസംരക്ഷണം ലക്ഷ്യമാക്കിയുള്ളതായതിനാൽ കാർഷിക മേഖലയിൽ ഉൾപ്പെടുന്നതുമല്ല. ആയതിനാൽ മാനദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യം കൈപ്പറ്റിയ കൃഷി ഓഫീസറിൽ നിന്നും 6000/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്. മറ്റുള്ള ഗുണഭോക്താക്കളുടെ അർഹത ഉറപ്പ് വരുത്തേണ്ടതും അർഹതയില്ലാത്തവർക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതുമാണ്.

## 3-12 <u>ഭവനനിധി അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല.</u>

11.10.2017 ലെ സ.ഉ (എം.എസ്) നം. 196/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെട്ട വീടുകളുടെ പൂർത്തീകരണത്തിന് ആവശ്യമായ അധിക തുക കണ്ടെത്തുന്നതിനും അത് നിക്ഷേപിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ സംയുക്ത അക്കൗണ്ട് ഭവനനിധി എന്ന പേരിൽ ആരംഭിക്കേണ്ടതാണ്. പ്രസ്തുത അക്കൗണ്ടിലേക്ക് ധനസമാഹരണത്തിന് ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തേണ്ടതും സംഭാവനകൾ സ്വീകരിക്കുന്നതിനായി വാർഡ് തലത്തിൽ കർമ്മ സമിതികൾ രൂപീകരിക്കേണ്ടതുമാണ്. ഇതിനായി കേരള ഗ്രാമീണ ബാങ്കിൽ അക്കൌണ്ട് തുടങ്ങുന്നതിനായി ഗ്രാമപഞ്ചായത്ത് 27.01.2018 ലെ 2-ാം നമ്പർ തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്ക് അക്കൌണ്ട് തുടങ്ങുകയോ പ്രസ്തുത അക്കൗണ്ടിലേക്ക് ധനസമാഹരണത്തിന് ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തേണ്ടതും സംഭാവനകൾ സ്വീകരിക്കുന്നതിനായി വാർഡ് തലത്തിൽ കർമ്മ സമിതികൾ രൂപീകരിക്കേണ്ടതുമാണ്. ഭവനനിധി സ്വരൂപിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 23/20.12.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-13 <u>ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.</u>

| പ്രൊജക്ട് നമ്പർ | 139/17 |
|---|---|
| ചെലവഴിച്ച തുക | 12,95,295 രൂപ. |

വിവിധ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം സർക്കാർ ധനസഹായ പദ്ധതിയുടെ ഗുണഭോകാതാക്കളായി 2016 മാർച്ച് 31 ന് മുമ്പ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായോ, ഇതര വകുപ്പുകളുമായോ കരാറിൽ ഒപ്പിടുകയോ, ആനുകൂല്യം കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിക്കുകയോ ചെയ്തെങ്കിലും വിവിധ കാരണങ്ങളാൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത 12 ഭവനങ്ങളുടെ പൂർത്തീകരണമാണ് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഈ പ്രൊജക്ട് ലക്ഷ്യമിട്ടിരുന്നത്. 31.03.2018 ലെ സ.ഉ (സാധാ) നം. 927/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2018 മെയ് 31 നുള്ളിൽ ഇത്തരം ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇതിൽ ഒരു ഭവനത്തിന്റെ നിർമ്മാണത്തിന് ഗുണഭോക്താവ് തയ്യാറാകാത്തതിനാൽ ലൈഫ് പദ്ധതി പ്രകാരമുള്ള ആദ്യ ഗഡു അനുവദിച്ചിട്ടില്ല. ആദ്യ ഗഡു കൈപ്പറ്റിയിട്ടുള്ള 11 ഗുണഭോക്താക്കളിൽ താഴെ പറയുന്ന 3 ഭവനങ്ങളുടെ നിർമ്മാണം ഓഡിറ്റ് തിയ്യതി വരെ പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര്, മേൽവിലാസം | ലൈഫ് പദ്ധതി പ്രകാരം നൽകാവുന്ന തുക | 2017-18 ൽ അനുവദിച്ച തുക | |
|---|---|---|---|---|
| | | | ചെക്ക് / ബിൽ നമ്പർ & തിയ്യതി | തുക |
| 1 | സുധ അശോകൻ, ഇലഞ്ഞിക്കൽ, ചാത്തമുണ്ട, ഉപ്പട.പി.ഒ | 1,53,000 | 1782 തി. 15.12.2018 | 50,000 |
| | | | 15/ 2017-18 തി. 24.02.2018 | 50,000 |
| 2 | സുലൈഖ ഷംസുദ്ദീൻ, പട്ടുപ്പുങ്ങൽ, കോടാലിപ്പൊയിൽ | 1,53,000 | 1786 / 16.03.2018 | 75,000 |
| 3 | ദാസപ്പൻ, S/o.തങ്കമ്മ, ആനമുടിയിൽ, ശാന്തിഗ്രാം, ഭൂദാനം | 1,53,000 | 15/ 2017-18 തി. 24.02.2018 | 75,000 |

ഭവന നിർമ്മാണം പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ :22/20.12.2018 – മറുപടി ലഭിച്ചിട്ടില്ല.)

## 3-14 പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതകൾ

റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്.

എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

<u>കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ മുഴുവൻ ഘടകങ്ങളും ഉൾപ്പെടുത്തുന്നില്ല</u>

കെട്ടിട നിർമ്മാണ പ്രൊജക്ടുകളുടെ കാര്യത്തിൽ കെട്ടിട നിർമ്മാണം, അനുബന്ധ സൌകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രൊജക്ട് തയ്യാറാക്കണമെന്ന് ജി.ഒ.(എം.എസ്) നം.72/2017 തസ്വഭവ തീ.29.03.2017-പദ്ധതിമാർഗ്ഗരേഖ പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് പാലിക്കപ്പെടുന്നില്ല. കെട്ടിടത്തിന്റെ സ്ട്രക്ചറിനും, അനുബന്ധ പ്രവൃത്തികൾക്കും പ്രത്യേകം പ്രൊജക്ടുകൾ തയ്യാറാക്കുകയാണ് ചെയ്യുന്നത്.

<u>ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിലെ അപാകതകൾ</u>

ഓഡിറ്റ് വർഷം ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.
1.മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല.

2.പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്. സമിതി രൂപീകരണം, പ്രവർത്തനം, തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, ബില്ലുകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദേശം മേൽ ചട്ടത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിലൊന്നും ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും പാലിച്ചതായി കാണുന്നില്ല.

3.പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത സഹകരണ ബാങ്കിൽ/ഗ്രാമീണ ബാങ്കിൽ സമിതി ചെയർമാന്റെയും, കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിലൊന്നും ഇത്തരത്തിൽ അക്കൗണ്ട് തയ്യാറാക്കി കൂലി, മെറ്റീരിയൽസ് തുടങ്ങിയ ചെലവുകളൊന്നും ഇത്തരത്തിലുള്ള അക്കൗണ്ടിലൂടെ നടത്തിയതായി കാണുന്നില്ല.

4.പ്രവൃത്തിക്കുവേണ്ടി നിയോഗിക്കുന്ന വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, മേൽവിലാസം, അച്ഛന്റെ പേര്, ഹാജർ വിവരം, വേതന നിരക്ക്, വേതനം എന്നീ വിവരങ്ങൾ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ മസ്റ്റർ റോളുകളിലൊന്നും തന്നെ ഇത്തരത്തിലുള്ള

വിവരങ്ങളൊന്നും ചേർത്തിട്ടില്ല. എന്നു മാത്രമല്ല തൊഴിലാളികളുടെ ഒപ്പ് പോലും സംശയിക്ക തക്കവിധത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്.

5.പ്രവൃത്തിക്ക് ആവശ്യമായ എല്ലാ നിർമ്മാണ സാധനങ്ങളും ഗുണ.സമിതിയുടെ അംഗീകാരത്തിന് വിധേയമായി വാങ്ങേണ്ടതും ക്യാഷ് ബില്ലും രശീതിയും വാങ്ങിക്കേണ്ടതും ക്രമ നമ്പറിട്ട് സൂക്ഷിക്കേണ്ടതുമാണ്. സിമന്റ്, കമ്പി, സ്റ്റീൽ എന്നിവ അംഗീകൃത ഡീലറിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ. എന്നാൽ 90 % ബില്ലുകളും രശീതികളും വ്യക്തികളിൽ നിന്നുള്ളതാണ് ഹാജരാക്കിയിട്ടുള്ളത്.

6.ജി.ഒ.(പി)-259 /2010 ത. സ്വ.ഭ.വ 8-11-2010 ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും, തദ്ദേശ സ്വയഭരണ സ്ഥപനങ്ങളുടേയും, കൈമാറികിട്ടിയ സ്ഥപനങ്ങളിലെയും, പ്രവൃത്തികൾ നിർവഹിക്കുമ്പോൾ മാർഗ്ഗരേഖ പാലിക്കണമെന്ന് നിഷ്കർച്ചിട്ടുള്ളതുമാണ്. എന്നാൽ പഞ്ചായത്ത് നടപ്പാക്കിയ ഇത്തരം പ്രവൃത്തികളിലെല്ലാം അടങ്കലിൽ ഉൾപ്പെടുത്തിയ തുക പൊതുമരാമത്ത് നിരക്കെന്നപോലെ കൺവീനർ ഹാജരാക്കുന്ന രശീതിയുടെ (സ്ഥാപനങ്ങൾ ടി സാധനങ്ങളുടെ അംഗീകൃത വീതരണക്കാരെന്ന് ഉറപ്പുവരുത്തിയിട്ടില്ല) ഗ്രാമ പഞ്ചായത്ത് പ്രൊക്യർമെന്റ് കമറ്റി രൂപീകരിക്കുകയോ കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെറ്റീരിയൽസ് വാങ്ങിയതായോ കാണുന്നില്ല. ഇക്കാര്യത്തിൽ ഏററവും കുറഞ്ഞ തുകയിൽ സാധനങ്ങൾ സംഭരിക്കുന്നതിനുള്ള യാതൊരുവിധ നടപടികളും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

7.ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ബിൽ തുക അനുവദിക്കേണ്ടത് എസ്റ്റിമേറ്റിനെ അടിസ്ഥനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ്. എന്നാൽ വരവ് ചെലവ് കണക്ക് നിർവഹണ ഉദ്യോഗസ്ഥൻ സൂക്ഷ്മ പരിശോധന നടത്താത്തതിനാൽ എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് അനുവദിക്കുന്നു. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നുമില്ല.

## 3-15 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% VAT കുറവ് ചെയ്തില്ല.

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിലാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്യതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/lതസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു. ( KCWWF, IT എന്നിവ പിടിച്ചിട്ടുണ്ട്.)

| പ്രൊജക്ടിന്റെ വിശദവിവരം | മൂല്യനിർണ്ണയ തുക | ബിൽ നം, ചെക്ക് നം./തീയതി | മൂല്യനിർണ്ണയത്തുകയുടെ 5% |
|---|---|---|---|
| പ്രൊജക്ട് നം.100/18-ഞെട്ടിക്കുളം-തരിശ് റോഡ് ടാറിംഗ് | 471815 | 31/17-18/23.12.17<br>32/17-18/23.12.17 | 23591 |
| പ്രൊജക്ട് നം.127/18-<br>പാതാർ-പാത്രക്കണ്ട് റോഡ് ടാറിംഗ് | 370000 | 37/17-18/09.01.18 | 18500 |
| പ്രൊജക്ട് നം.35/18<br>മുതുകുളം-ജംഗ്ഷൻ ടാറിംഗ് | 250000 | 39/17-18/15.01.18 | 12500 |
| പ്രൊജക്ട് നം.103/18<br>പാതാർ-വാളംകൊല്ലി റോ് ടാറിംഗ് | 300000 | 44/17-18/15.01.18 | 15000 |
| പ്രൊജക്ട് നം.9/18<br>മുണ്ടേരി-സ്കൂൾപടി റോഡ് ടാറിംഗ് | 350000 | 55/17-18/23.01.18<br>58/17-18/23.01.18 | 17500 |
| പ്രൊജക്ട് നം.122/18<br>മുണ്ടേരി-സ്കൂൾ റോഡ് ടാറിംഗ് | 167050 | 56/17-18/23.01.18 | 8353 |
| പ്രൊജക്ട് നം.99/18<br>ആനക്കല്ല്-എരങ്കോൽകുന്ന് റോഡ് ടാറിംഗ് | 300000 | 61/17-18/19.02.18 | 15000 |
| പ്രൊജക്ട് നം.125/18<br>എരങ്കോൽകുന്ന് റോഡ് ടാറിംഗ്-രണ്ടാം ഘട്ടം | 418697 | 62/17-18/19.02.18 | 20935 |
| പ്രൊജക്ട് നം.124/18<br>പള്ളിപ്പടി-അടുക്കത്ത് മുക്ക് റോഡ് ടാറിംഗ് | 200000 | 64/17-18/19.02.18 | 10000 |
| പ്രൊജക്ട് നം.9818<br>പള്ളിപ്പടി-അടുക്കത്ത് മുക്ക് റോഡ് ടാറിംഗ് ഒന്നാം ഘട്ടം | 300000 | 67/17-18/19.02.18 | 15000 |
| പ്രൊജക്ട് നം.101/18<br>ശിശുവിഹാർ-വെള്ളിമുറ്റം | 299672 | 68/17-18/19.02.18 | 14984 |

| | | | |
|---|---|---|---|
| റോഡ് ടാറിംഗ് | | | |
| പ്രൊജക്ട് നം.95/18<br>വെളുമ്പിയംപാടം-അമ്പിട്ടാൻപൊട്ടി റോഡ് ടാറിംഗ് | 350000 | 71/17-18/23.02.18 | 17500 |
| പ്രൊജക്ട് നം.123/18<br>വെളുമ്പിയംപാടം-അമ്പിട്ടാൻപൊട്ടി റോഡ് ടാറിംഗ് | 199954 | 72/17-18/23.02.18 | 9998 |
| പ്രൊജക്ട് നം.90/18<br>പഞ്ചായത്ത് റോഡ് നവീകരണം | 391376 | 86/17-18/09.03.18 | 19569 |
| ആകെ | | | 218430 |

ക്രമപ്രകാരം ബില്ലിൽ നിന്നും 5% കുറവ് ചെയ്യാതിരുന്നതു മൂലം 218430 രൂപ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് അധികം നൽകാനിടയായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.10/18.12.2018) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| നിലമ്പൂർ ബ്ലോക് പഞ്ചായത്ത് | 8,500 | 33/18-നെൽകൃഷി വികസനം | 8,500 | 0 |
| | 42,500 | 36/18 - പച്ചക്കറി കൃഷി വികസനം. | 42,500 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പാതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | 947/2010 തി. 19.03.2010 | 1,50,00,000 | 30,93,465 | 20,00,000 | -- | 10,93,465 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം.

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 86647306.75 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72938491 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 38590 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 538569 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-6(VI) | | 27840 | ഡോ.ആസ്യ സുഹാന, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി. ) |
| 3-6(VII) | | 3600 | |
| 3-6(VIII) | | 1150 | |
| 3-11 | | 6000 | ശ്രീ.ഉമ്മർകോയ.ടി, കൃഷി ഓഫീസർ |
| ആകെ | | 38590 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 20369 | ശ്രീ.ജോഫ്രി ആൻസലാം.ഡി.എസ്, സെക്രട്ടറി |
| 3-3 | 300000 | ശ്രീ.ജോഫ്രി ആൻസലാം.ഡി.എസ്,സെക്രട്ടറി |
| 3-6(9) | 18200 | ഡോ.ആസ്യ സുഹാന, മെഡിൽ ഓഫീസർ (പി.എച്ച്.സി. ) |
| 3-7 | 200000 | ഡോ.ആസ്യ സുഹാന, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 538569 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-15 | 218430 | ശ്രീമതി രാജി.സി.ആർ.,അസിസ്റ്റന്റ്എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഉമ്മർകോയ.ടി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കൃഷി ഭവൻ, ചാലിയാർ ഗ്രാമപഞ്ചായത്ത് | തൊണ്ടിയിൽ ഹൌസ്, മുരുകാഞ്ഞിരം, പാതാർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | എൽ.എഫ്.എം.5/1205/06 തി.22.03.2006 | 17 | |

| | | | |
|---|---|---|---|
| 2002-03 | എൽ.എഫ്.എം.5/2050/08 തി.26.02.2006 | 13 | |
| 2003-04 | എൽ.എഫ്.എം.5/2052/09 തി.28.02.2006 | 13 | |
| 2004-05 | എൽ.എഫ്.എം.5/2052/09 തി.28.02.2006 | 20 | |
| 2005-06 | എൽ.എഫ്.എം.5/1128/09 തി.21.12.2009 | 22 | |
| 2006-07 | എൽ.എഫ്.എം.6/12106/19(1) തി.05.05.2011 | 23 | |
| 2007-08 | എൽ.എഫ്.എം.6/1163/11തി.20.07.2011 | 17 | |
| 2008-09 | എൽ.എഫ്.എം.6/1164/11 തി.18.07.2011 | 15 | |
| 2009-10<br>2010-11 | എൽ.എഫ്.എം.6/772/13 തി:13.05.2013 | 26 | |
| 2011-12<br>2012-13 | എൽ.എഫ്.എം.6/1255/15 തി:19.06.2015 | 23 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.6/2112/16 തി: 09.08.2016 | 20 | |
| 2015-16 | കെ.എസ്.എ.എം.പി.എം.6/3160/16 തി: 19.12.2016 | 18 | |
| 2016-17 | കെ.എസ്.എ.എം.പി.എം.6/2169/17 തി: 03.11.2017 | 23 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

# ഓഡിറ്റ് സാക്ഷ്യപത്രം.

കെ.എസ്.എ.എം.പി.എം.6/1688/2018 കേരള

സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

ഇ-മെയിൽ: dompm.ksad@kerala.gov.in

പിൻ- 676 505, ഫോൺ: 0483-2734951

തീയ്യതി: 03/07/2018.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ പോത്തുകൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്